# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

22/02/2026 മാർക്ക് - 50

10.30am - 12.30pm **STD - VIII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * മാർ അപ്രേം | * വി. മത്തായി | * വി. യോഹന്നാൻ |
| * 24 | * 1992 | * 21 |
| * ഈശോ | * കൂദാശകൾ | * പാപം |
| * വി. അഗസ്റ്റിൻ | * 1923 | * നരകം |
| * പ്രേഷിതദൗത്യം | * മാർ ആന്റണി പടിയറ | * മാർ ആന്റണി കരിയിൽ |

1. ദൈവത്താൽ അയയ്ക്കപ്പെട്ട ആദ്യ പ്രേഷിതൻ?
2. അന്ത്യവിധിയെക്കുറിച്ച് ഏറ്റവും സമ്പന്നവും വിശദീകരണങ്ങളോടു കൂടിയതുമായ വിവരണം നൽകുന്നത് ആര്?
3. നമ്മെ വിശുദ്ധീകരിക്കുന്നതിനുള്ള ഉപാധികളെന്ത്?
4. സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ച് ബിഷപ്പ്?
5. സഭയിൽ എത്ര സാർവത്രിക സൂനഹദോസുകൾ നടന്നിട്ടുണ്ട്?
6. ശ്ലീഹന്മാരെ മിശിഹാ വിളിച്ചതും തെരഞ്ഞെടുത്തതും പരിശീലിപ്പിച്ചതും നിയോഗിച്ചതും എന്ത് നിറവേറ്റുന്നതിനുവേണ്ടിയായിരുന്നു?
7. ദൈവത്തിൽനിന്നും അകന്നിരിക്കുന്ന അവസ്ഥ എന്ത്?
8. എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തൻ വികാരി?
9. "വി. കുർബാന സ്വീകരിക്കുന്നവർ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിറയുന്നു. അതിനാൽ അവർ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു." ആരുടെ വാക്കുകൾ ?
10. സീറോ മലബാർ സഭയെ 'എറണാകുളം-അങ്കമാലി' എന്ന പേരോടെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയ വർഷം?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ പ്രേഷിതദൗത്യം എന്ത്?
12. കത്തോലിക്കാസഭയിലെ പ്രധാന ആരാധനക്രമ പാരമ്പര്യങ്ങൾ ഏതെല്ലാം?
13. വി. പൗലോസിന്റെ കാഴ്ച്ചപ്പാടിൽ മരണം നേട്ടമാണ്. കാരണമെന്ത്?

14. എന്തിന്റെ അടിസ്ഥാനത്തിലാണ് വ്യത്യസ്തങ്ങളായ 24 വ്യക്തി സഭകൾ കത്തോലിക്കാ സഭയിലുള്ളത്?

15. സഭയുടെ ശ്ലൈഹികതയുടെ അടിസ്ഥാനമെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധങ്ങളിലാണ് നിർവഹിക്കുന്നത്?

17. എന്താണ് തനതു വിധി? എന്താണ് അന്ത്യവിധി?

18. എല്ലാ ജനങ്ങളേയും ഉൾകൊള്ളുന്നതാണ് സഭ. വിശദീകരിക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. ദൈവത്തിൻെറ ലക്ഷണങ്ങൾ ഏവ?

20. വത്തിക്കാനിലെ വിശ്വാസകാര്യാലയത്തിൻെറ അധ്യക്ഷൻ ആര്?

21. വചനം പൂർത്തിയാക്കുക. 1 കോറി 15:19, "ഈ ജീവിതത്തിനുവേണ്ടി ........"

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തിരമാലയിൽ കാണുന്ന വസ്തുക്കൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. ഈശോയിലൂടെയും, ദൈവവചനത്തിലൂടെയും, കൂദാശകളിലൂടെയും, നോമ്പും പ്രാർത്ഥനയും ഉപവാസവും വഴിയും വിശുദ്ധീകരണം സാധ്യമാകുന്നത് എങ്ങനെയെന്ന് 'സഭ പരിശുദ്ധമാണ്' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

24. 'എറണാകുളം–അങ്കമാലി അതിരൂപത: ഉയർച്ചയുടെ പടവുകൾ, സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും' എന്ന പാഠത്തെ അടിസ്ഥാനമാക്കി, സീറോ മലബാർ ഹയരാർക്കി സ്ഥാപനത്തെക്കുറിച്ചും – ആഗോള സഭയ്ക്കും സീറോ മലബാർ സഭയ്ക്കും കേരളസമൂഹത്തിനും എറണാകുളം–അങ്കമാലി അതിരൂപത നല്കിയിട്ടുള്ള ഈടുറ്റ സംഭാവനകളെ കുറിച്ചും വിവരിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# Class VIII

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക 1X10=10

1. ഈശോ (പാഠം 9/ പേജ് 55/ പാര 2)
2. വി. മത്തായി (പാഠം 10/ പേജ് 63/ പാര 5)
3. കൂദാശകൾ (പാഠം 12/ പേജ് 75/ പാര 3)
4. മാർ ആന്റണി പടിയറ (പാഠം 13/ പേജ് 82/ പാര 1)
5. 21 (പാഠം 14/ പേജ് 87/ പാര 1)
6. പ്രേഷിതദൗത്യം (പാഠം 9/ പേജ് 56/ പാര 2)
7. നരകം (പാഠം 10/ പേജ് 65/ line 4)
8. മാർ ആന്റണി കരിയിൽ (ഉപപാഠം 6/ പേജ് 25/ പാര 2)
9. മാർ അപ്രേം (പാഠം 12/ പേജ് 76/ line 2)
10. 1992 (ഉപപാഠം 6/ പേജ് 25/ പാര 1)

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. പാഠം 9/ പേജ് 59/ പാര 1
    സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ പ്രേഷിതദൗത്യം സുവിശേഷത്തിന് അനുസൃതമായ ജീവിതംവഴി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുക എന്നതാണ്.
12. പാഠം 11/ പേജ് 70/ പാര 4
    അർമേനിയൻ, അലക്സാന്ത്രിയൻ, ബൈസന്റയിൻ, അന്ത്യോക്യൻ, കാൽഡിയൻ എന്നീ അഞ്ചെണ്ണം പൗരസ്ത്യവും, റോമൻ (ലത്തീൻ) പാശ്ചാത്യവുമാണ്. ഇവയാണ് കത്തോലിക്കാസഭയിലെ പ്രധാന ആരാധനക്രമപാരമ്പര്യങ്ങൾ.
13. പാഠം 10/ പേജ് 63/ പാര 3
    വി. പൗലോസിന്റെ കാഴ്ച്ചപ്പാടിൽ മരണം നേട്ടമാണ്. കാരണം മരണവിധേയമായ മനുഷ്യപ്രകൃതിയിൽ നിന്ന് അക്ഷയമായ മഹത്വത്തിലേയ്ക്കുള്ള കടന്നു പോകലാണത്.
14. പാഠം 11/ പേജ് 70/ പാര 3
    ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ശിക്ഷണക്രമം എന്നിവയുടെ അടിസ്ഥാനത്തിലാണ് വ്യത്യസ്തങ്ങളായ 24 വ്യക്തി സഭകൾ കത്തോലിക്കാ സഭയിലുള്ളത്.
15. പാഠം 13/ പേജ് 79/ പാര 1
    ശ്ലീഹന്മാരാകുന്ന അടിത്തറമേലാണ് ഈശോ സഭയെ സ്ഥാപിച്ചത്. സഭയുടെ ശ്ലൈഹികതയുടെ അടിസ്ഥാനമിതാണ്.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. പാഠം 9/ പേജ് 56/ പാര 1

    സഭ ഈ ദൗത്യം മൂന്നു വിധത്തിൽ നിർവഹിക്കുന്നു......... ക്രിസ്ത്യാനികളുടെ പുനർസുവിശേഷവത്ക്കരണം.

17. പാഠം 10/ പേജ് 63/ പാര 4,5

ആത്മാവ് ശരീരത്തിൽനിന്നും വേർപെടുന്നതിനെയാണ് മരണം എന്നു വിളിക്കുന്നത്. ....... ഇതിനെ തനതുവിധിയെന്നു പറയുന്നു.

നന്മ ചെയ്തവരും തിന്മചെയ്തവരും പൂർണമായി വേർതിരിക്കപ്പെടുന്ന സംഭവമാണ് അന്ത്യവിധി അഥവാ പൊതുവിധി. (Or നന്മചെയ്തവരെ മഹത്വീകരിക്കുകയും തിന്മചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണമായ കർമമാണ് പൊതുവിധി.)

18. പാഠം 14/ പേജ് 86/ പാര 1

ജനതകളുടെ പിതാവായി അബ്രാഹത്തെ ........ അതിൻെറ സാർവത്രികത വ്യക്തമാക്കപ്പെടുകയും ചെയ്തു.

## D. നമസ്ക്കാരം, സത്യദീപം, ബൈബിൾ, ലോഗോ 1X4=4

19. ദൈവത്തിൻെറ ലക്ഷണങ്ങൾ (നമസ്കാരങ്ങൾ പേജ് 15)

1. തന്നാൽ താനായിരിക്കുന്നു.
2. അനാദിയായിരിക്കുന്നു.
3. അശരീരിയായിരിക്കുന്നു.
4. സർവ്വനന്മസ്വരൂപനായിരിക്കുന്നു.
5. എങ്ങും വ്യാപിച്ചിരിക്കുന്നു.
6. സകലത്തിന്റെയും ആദികാരണമായിരിക്കുന്നു.

20. കർദിനാൾ വിക്ടർ മാനുവൽ (സത്യദീപം, 2025 ഡിസംബർ 3)

21. 1 കോറി 15:19 – "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്." (വചനദീപം, 2025 ജനുവരി 11)

22. **തിരമാലയിൽ കാണുന്ന വസ്തുക്കൾ:** തിരമാലകളോട് ചേർന്നു കിടക്കുന്ന അനുബന്ധ വസ്തുക്കൾ മനുഷ്യ ജീവിതത്തെ നിരാശയുടേയും തകർച്ചയുടേയും അടിമത്വത്തിലേക്ക് നയിക്കുന്ന ലഹരി വസ്തുക്കളേയും, അമിതോപയോഗത്താൽ മനുഷ്യനെ ആസക്തിയിലാഴ്ത്തുന്ന ഇന്റർനെറ്റിനേയും സാമൂഹിക മാധ്യമങ്ങളേയും സുചിപ്പിക്കുന്നു. (വചനദീപം പേജ് 9)

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. പാഠം 12/ പേജ് 74–76

- വിശുദ്ധീകരണം ഈശോയിലൂടെ
- വിശുദ്ധീകരണം ദൈവവചനത്തിലൂടെ
- വിശുദ്ധീകരണം കൂദാശകളിലൂടെ
- നോമ്പും പ്രാർത്ഥനയും ഉപവാസവും വഴിയുള്ള വിശുദ്ധീകരണം

24. ഉപപാഠം അദ്ധ്യായം 6/ പേജ് 24–26

- സീറോ മലബാർ ഹയരാർക്കി സ്ഥാപനം
- എറണാകുളം - അങ്കമാലി മേജർ അതിരൂപത: കേരളത്തിലെയും സീറോ - മലബാർ സഭാചരിത്രത്തിലെയും 'മുന്നേ പറക്കുന്ന പക്ഷി.'

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

16/02/2025 മാർക്ക് - 50

10.30pm - 12.30pm **STD - VIII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * കൂദാശകൾ | * വിശ്വാസം | * സാർവത്രിക സൂനഹദോസുകൾ |
| * 2 തെസലോനിക്ക 7:4 | * ഒന്നാം വത്തിക്കാൻ കൗൺസിൽ | * സീറോ-മലബാർ |
| * രണ്ടാം വത്തിക്കാൻ കൗൺസിൽ | * 1 തെസലോനിക്ക 4:7 | * സഭയുടെ |
| * വി. അഗസ്തീനോസ് | * XI-ാം പീയൂസ് പാപ്പ | * പാത്രിയാർക്കീസ് |
| * വി. ജോൺപോൾ II | * മാർ ലൂയീസ് പഴേപറമ്പിൽ | * എറണാകുളം-അങ്കമാലി അതിരൂപത |

1. ആചാരങ്ങളിലെ വൈവിധ്യമാണ് മിശിഹായുടെ സഭയുടെ സൗന്ദര്യത്തിന്റെ ഒരു കാരണം എന്ന് പ്രഖ്യാപിച്ചത് ആര്?
2. അടിസ്ഥാനപരമായി സഭയെ ഒരു കൂട്ടായ്മയാക്കുന്നത് എന്ത്?
3. നമ്മെ വിശുദ്ധീകരിക്കുന്നതും ഈശോ സ്ഥാപിച്ചതുമായ ജീവന്റെ നീർച്ചാലുകൾ ഏവ?
4. പേട്രിയാർക്കൽ സഭകളുടെ തലവൻ ആര്?
5. 'സുവിശേഷത്തിന്റെ ഒരു സംക്ഷിപ്തരൂപം' എന്ന് ജപമാലയെ വിശേഷിപ്പിച്ചത് ആര്?
6. എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദ്യവികാരി അപ്പസ്തോലിക്ക ആര്?
7. മാർത്തോമ്മാക്രിസ്ത്യാനികളുടെ വിശ്വാസപാരമ്പര്യം ആദിമുതൽ പുലർത്തുന്ന സഭ ഏത്?
8. "അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" ബൈബിൾ വാക്യം ഏത്?
9. മാർപാപ്പയുടെ പരമാധികാരം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ച കൗൺസിൽ ഏത്?
10. സഭയുടെ ഐക്യവും സാർവ്വത്രികതയും പ്രകടമാകുന്ന സർവ്വപ്രധാനമായ വേദികൾ ഏത്?
11. ആത്മശരീരങ്ങളോടെ സ്വർഗാരോപിതയായ മറിയം യുഗാന്ത്യത്തിൽ മഹത്വം പ്രാപിക്കാനിരിക്കുന്നത് ................ പ്രതീകമാണ്.
12. സീറോ-മലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

13. എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണ് കത്തോലിക്കാ സഭയിൽ വ്യത്യസ്തങ്ങളായ ഇരുപത്തിനാല് വ്യക്തിസഭകൾ ഉള്ളത്?

14. പരിശുദ്ധ അമ്മ നമ്മുടെ അമ്മയായത് എങ്ങനെ?
15. സഭയുടെ കാതോലികത പ്രകടമാകുന്നത് എപ്പോൾ?
16. ദൈവവിളികൾ വിശുദ്ധിക്കുള്ള മാർഗമായിത്തീരുന്നത് എങ്ങനെ?
17. ഈശോയുടെ രക്ഷാകര ദൗത്യം ശ്ലീഹന്മാർ നിർവഹിച്ചത് എങ്ങനെ?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. നോമ്പും പ്രാർത്ഥനയും ഉപവാസവും നമ്മെ വിശുദ്ധീകരിക്കുന്നത് എങ്ങനെ?
19. 'മാർപാപ്പയുടെ പരമാധികാരം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
20. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട ഏതെങ്കിലും നാല് തിരുനാളുകളും അവയുടെ തീയതികളും എഴുതുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. ദൈവികപുണ്യങ്ങൾ എഴുതുക.
22. ഫ്രാൻസിസ് മാർപാപ്പയുടെ നാലാമത്തെ ചാക്രികലേഖനത്തിന്റെ പേര് എന്ത്?
23. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 37: 5, "നിന്റെ ജീവിതം ..........."
24. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വി. ഗ്രന്ഥം' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. 'സഭ സാർവ്വത്രികമാണ്' എന്ന പാഠത്തെ ആസ്പദമാക്കി 'സകല ജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ് സഭ' എന്നത് വിവരിക്കുക.
26. സീറോ-മലബാർ സഭയുടെ മേജർ അതിരൂപതയായ എറണാകുളം-അങ്കമാലി അതിരൂപതയെക്കുറിച്ച് ഉപപാഠപുസ്തകത്തിലെ 'എറണാകുളം-അങ്കമാലി അതിരൂപത, ഉയർച്ചയുടെ പടവുകൾ- സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും' എന്ന പാഠത്തെ അടിസ്ഥാനമാക്കി ഒരു വിവരണം നൽകുക.

**(അല്ലെങ്കിൽ)**

ഇടയ്ക്കിടെയുള്ള കുമ്പസാരത്തിലൂടെയും അനുദിന ദിവ്യബലിയിലൂടെയും ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ വളരാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? കൗമാരക്കാരായ നിങ്ങളുടെ നല്ല ജീവിതത്തെ തളർത്തുന്ന കാര്യങ്ങൾ ഏവയെന്നും, പ്രാർത്ഥനയിലൂടെ ഒരു 'പോസിറ്റീവ് വൈബിൽ' (Positive Vibe) നിങ്ങൾക്ക് എങ്ങനെ വളരാൻ കഴിയുമെന്നും വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: **15**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

## STD VIII

**A. ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും തെരഞ്ഞെടുത്തെഴുതുക.**

1) വി. അഗസ്തീനോസ് (പാഠം 14, പേജ് 86, പാര 3)
2) വിശ്വാസം (പാഠം 11, പേജ് 69, പാര 2)
3) കൂദാശകൾ (പാഠം 12, പേജ് 75, പാര 3)
4) പാത്രിയാർക്കീസ് (പാഠം 13, പേജ് 82, പാര 1)
5) വി. ജോൺപോൾ രണ്ടാമൻ പാപ്പ (പാഠം 15, പേജ് 92, പാര 3)
6) മാർ ലൂയീസ് പഴേപറമ്പിൽ (ഉപപാഠം 06, പേജ് 25, പാര 2)
7) സീറോ-മലബാർ സഭ (പാഠം 11, പേജ് 70, പാര 5)
8) 1 തെസലോനിക്ക 4:7 (പാഠം 12, പേജ് 74, പാര 1)
9) ഒന്നാം വത്തിക്കാൻ കൗൺസിൽ (പാഠം 13, പേജ് 83,Line 3)
10) സാർവത്രിക സൂനഹദോസുകൾ (പാഠം 14, പേജ് 87, പാര 1)
11) സഭയുടെ (പാഠം 15, പേജ് 91, പാര 1)
12) പതിനൊന്നാം പീയൂസ് പാപ്പ (ഉപപാഠം 06, പേജ് 24, പാര 3)

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

13) പാഠം 11, പേജ് 70, പാര 3
14) പാഠം 15, പേജ് 89, പാര 1
15) പാഠം 14, പേജ് 87, Line 1
16) പാഠം 12, പേജ് 77, പാര 2
17) പാഠം 13, പേജ് 80, പാര 2

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക**

18) പാഠം 12, പേജ് 76-77
19) പാഠം 13, പേജ് 82 to 83
20) പാഠം 15, പേജ് 93,Box-1

**D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ**

21) ദൈവികപുണ്യങ്ങൾ (നമസ്കാരപുസ്തകം-30, പേജ് 15)
22) 'അവൻ നമ്മെ സ്നേഹിച്ചു' *(Dilexit Nos)* (സത്യദീപം, ഡിസംബർ 05, പേജ് 01)
23) സങ്കീർത്തനം 37: 5 (വചനദീപം പേജ് 28, ജനുവരി 26)
24) 'വി. ഗ്രന്ഥം' (വചനദീപം, പേജ് 09)

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**

25) 'സഭ സാർവത്രികമാണ് '
26) 'എറണാകുളം-അങ്കമാലി അതിരൂപത, ഉയർച്ചയുടെ പടവുകൾ- സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും'
(അല്ലെങ്കിൽ)
പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** | **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - VIII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * വിശുദ്ധി | * പരി. കന്യകാമറിയം | * പരിശുദ്ധാത്മാവ് |
| * സ്നേഹം | * കൊയ്നോനിയ | * പാത്രിയാർക്കീസ് |
| * വി. മത്തായി | * വി. പൗലോസ് | * വി. അഗസ്തീനോസ് |
| * വി. പത്രോസ് | * സഭ | * ജ്ഞാനം |
| * കാത്തോലിക്കോസ് | * സമാധാനവും സന്തോഷവും | * കൂദാശാനുകരണങ്ങൾ |

1. സ്വർഗ്ഗീയ ജീവിതത്തിന്റെ അനുഭവം പകരുന്ന ആത്മാവിന്റെ ഫലങ്ങൾ ഏവ?
2. 'പലരായിരിക്കുന്ന നാം ഒരേ അപ്പത്തിൽ പങ്കുചേർന്നുകൊണ്ട് മിശിഹായിൽ ഏകശരീരമായിത്തീരുന്നു,' എന്ന് പറഞ്ഞത് ആര്?
3. സകല ജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളം
4. 'കൂട്ടായ്മ'യ്ക്ക് ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്ന പദം
5. ഓരോരുത്തരും സ്വന്തം ജീവിതാവസ്ഥയുടെ കടമകൾ വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ട് സ്നേഹത്തിന്റെ പൂർണത നേടുമ്പോൾ പ്രാപിക്കുന്നത് എന്ത്?
6. ആചാരങ്ങളിലെ വൈവിധ്യമാണ് സഭയുടെ സൗന്ദര്യം എന്ന് പ്രഖ്യാപിച്ചത് ആര്?
7. അന്ത്യവിധിയെക്കുറിച്ച് ഏറ്റവും സമ്പന്നമായ വിവരണം നൽകുന്നതാര്?
8. പേട്രിയാർക്കൽ സഭകളുടെ തലവൻ
9. ഈശോയുടെ വിശ്വസ്തമണവാട്ടിയായ തിരുസഭയുടെ പ്രതിരൂപം
10. ദൈവത്തിന്റെ കൃപാവരം സ്വീകരിക്കാനും അവയോട് സഹകരിച്ച് വിശുദ്ധിയിൽ വളരാനും സഹായിക്കുന്നതെന്ത്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (ഏതെങ്കിലും 5 എണ്ണം) 1X5=5**

11. വി. പൗലോസിന്റെ കാഴ്ചപ്പാടിൽ 'മരണം നേട്ടമാണ്' എന്ന് പറയാൻ കാരണമെന്ത്?
12. എങ്ങനെയെല്ലാമാണ് സഭ മരിയഭക്തി പ്രകടമാക്കുന്നത്?
13. വിശുദ്ധ കുർബാന സ്വീകരിക്കുന്നവരെക്കുറിച്ച് മാർ അപ്രേം പറയുന്നത് എന്ത്?

14. പുരാതനമായ പൗരസ്ത്യ ആരാധനക്രമ പാരമ്പര്യങ്ങൾ പിൻതുടരുന്ന സഭകൾ ഏതെല്ലാം?

15. എഫേസോസ് 2:20 ഉദ്ധരിക്കുക.

16. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഏറ്റവും പുരാതനമായ രണ്ട് ദൈവാലയങ്ങളുടെ പേര് എഴുതുക.

17. കേരളസഭയിൽ ഇടവകയിലെ 'കുടുംബ കൂട്ടായ്മ' ആദ്യമായി സ്ഥാപിതമായത് ഏത് അതിരൂപതയിലാണ്?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

18. 'ദൈവവിളികൾ വിശുദ്ധീകരണത്തിന്റെ മാർഗ്ഗമാണ്' വിശദമാക്കുക.

19. ഇസ്രായേലിന് രക്ഷാകരമായ അനുഭവം പ്രദാനം ചെയ്തിരുന്ന ത്രിവിധ ദൗത്യങ്ങൾ വിശദീകരിക്കുക.

20. പരിശുദ്ധ അമ്മയുടെ പ്രധാനപ്പെട്ട തിരുനാളുകൾ കുറിക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. ദൈവത്തിന്റെ ലക്ഷണങ്ങൾ എഴുതുക.

22. 'കൂദാശകളുടെ കൂദാശ' എന്ന് വിശുദ്ധ കുർബാനയെ വിളിക്കാൻ കാരണം?

23. തിരുവചനം എഴുതുക. 1 പത്രോസ് 3:9 "തിന്മയ്ക്കു......"

24. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'കൈകൾ വിരിച്ച് സന്തോഷത്തോടെ നിൽക്കുന്ന ആളുകൾ' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

25. 'ക്രൈസ്തവജീവിതം ഒരു തീർത്ഥാടനമാണ്.' മഹത്വപൂർണമായ സ്വർഗീയതീർത്ഥാടനത്തിന് ക്രൈസ്തവരായ നമ്മൾ എപ്രകാരമാണ് ഒരുങ്ങേണ്ടത്? പത്താം പാഠത്തെ അടിസ്ഥാനമാക്കി വിശദമാക്കുക?

26. 'നന്മയിൽ വളരാം' എന്നതാണല്ലോ ഈ വർഷത്തെ ആപ്തവാക്യം. നന്മയിൽ വളരുന്നതിന്റെ ഉത്തമ ഉദാഹരണമാണല്ലോ സാമൂഹ്യപ്രവർത്തനങ്ങൾ. എറണാകുളം-അങ്കമാലി അതിരൂപത നേതൃത്വം നൽകുന്ന സാമൂഹ്യപ്രവർത്തന മേഖലകളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഇതിൽ പങ്കാളിയാകാൻ സാധിക്കും എന്ന് വിവരിക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**19/02/2023** — മാർക്ക് – 50

**10.30 A.M. - 12.30 P.M.** **STD - VIII** സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക — 1X5=5

1. പിതാവും ഈശോയും ഒന്നായിരിക്കുന്നതുപോലെ ശിഷ്യന്മാരും ഒന്നാകണം. ആരാണ് ഇപ്രകാരം പ്രാർത്ഥിച്ചത്?
2. ക്രൈസ്തവർ സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ വിളിക്കപ്പെടുന്നത് ഏത് കൂദാശയിലൂടെയാണ്?
3. സഭാമക്കളുടെ വിവിധ ജീവിതാവസ്ഥകളെയും സ്ഥലങ്ങളെയും വസ്തുക്കളെയുമെല്ലാം വിശുദ്ധീകരിക്കുന്ന കർമ്മത്തെ പറയുന്ന പേരെന്ത്?
4. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച വർഷം
5. നന്മ ചെയ്തവരും തിന്മചെയ്തവരും പരിപൂർണമായി വേർതിരിക്കപ്പെടുന്ന സംഭവത്തെ പറയുന്ന പേരെന്ത്?

**പദപ്പെട്ടി**

| | |
|---|---|
| യോഹന്നാൻ | എ. ഡി. 72 |
| അന്ത്യവിധി | സ്ഥൈര്യലേപനം |
| കൂദാശകൾ | തനതുവിധി |
| മാമ്മോദീസ | എ. ഡി. 52 |
| ഈശോ | കൂദാശാനുകരണങ്ങൾ |

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക — 1X5=5

6. ക്രൈസ്തവജീവിതത്തിന് അർത്ഥം നൽകുന്നത് എന്ത്?
7. ദൈവവചനം എഴുതുക: “എന്തെന്നാൽ, അവനിൽ....” (യോഹന്നാൻ 3:16).
8. സഭയുടെ സാർവ്വത്രികതയുടെ അടിസ്ഥാനം?
9. എറണാകുളം-അങ്കമാലി അതിരൂപതയിൽ തോമാശ്ലീഹായാൽ സ്ഥാപിതമായ ദൈവാലയങ്ങൾ ഏതെല്ലാം?
10. സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ ഏതെല്ലാം?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **3X5=15**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. സഭയുടെ പ്രേഷിതദൗത്യം ഏതൊക്കെ വിധത്തിൽ നിർവ്വഹിക്കാം?
12. ഈശോയുടെ അമ്മയായ മറിയം സഭയുടെയും അമ്മയാണെന്ന് പറയുവാനുള്ള കാരണമെന്ത്?
13. സഭ മനുഷ്യവർഗത്തിന്റെ മുഴുവൻ രക്ഷയ്ക്കുവേണ്ടിയാണെന്ന് പറയുന്നതിന്റെ കാരണം എഴുതുക.
14. ഈശോ ശ്ലീഹന്മാർക്കു കൈമാറിയ മൂന്നു ദൗത്യങ്ങളും അവയുടെ ലക്ഷ്യങ്ങളും എഴുതുക.
15. വി. കുർബാനയിലെ ത്രൈശുദ്ധ കീർത്തനത്തിൽ 'സഹോദരരേ, നിങ്ങൾ സ്വരമുയർത്തി ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ' എന്ന ശുശ്രൂഷിയുടെ ആഹ്വാനത്തിനുശേഷം സമൂഹം ചൊല്ലുന്ന പ്രാർത്ഥന എഴുതുക.

**D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

16. കത്തോലിക്കാസഭയിലെ അംഗമെന്ന നിലയിൽ നിങ്ങൾക്ക് വ്യക്തിപരമായി ഏതെല്ലാം വിധത്തിൽ സഭയെ ശക്തിപ്പെടുത്താൻ സാധിക്കും? 'സഭ ദൈവത്തിന്റെ ജനം' എന്ന 8-ാം ക്ലാസ്സിലെ വിശ്വാസപരിശീലന പാഠാവലിയെ ആസ്പദമാക്കി നിങ്ങളുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും എഴുതുക.
17. 'സഭയിലും സമൂഹത്തിലും ഒരു നല്ല നേതാവാകാൻ നിങ്ങൾക്കും കഴിയും'. ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുവോ? ക്രിസ്തീയ വിശ്വാസപരിശീലനം ഒരു നല്ല നേതാവാകാൻ നിങ്ങളെ സഹായിക്കുന്നുണ്ടോ? നിങ്ങളുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു ലേഖനം തയ്യാറാക്കുക.

18. ഇന്റേണൽ അസസ്സ്മെന്റ്: 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.